നം.എച്ച്2/81000/2017/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 13/12/2017

പ്രേഷിതാവ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

സ്വീകർത്താക്കൾ

1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2) എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3) എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

സർ,

വിഷയം: പൊ.വി.വ-ജീവനക്കാര്യം- തസ്തികനിർണയം 2016-17-സമയക്രമം ദീർഘിപ്പിക്കുന്നതു സംബന്ധിച്ച്

സൂചന: ഈ കാര്യാലയത്തിൽ നിന്നുള്ള 23.11.2017 ലെ ഇതേ നമ്പർ പരിപത്രം

2016-17 ലെ തസ്തികനിർണയവും 2017-18 ലെ തസ്തികനിർണയത്തിന്റെ നവീകരണവും സംബന്ധിച്ച ജോലികൾ എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലും അന്തിമഘട്ടത്തിലായിക്കാണുമെന്ന് കരുതുന്നു. ചില ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ ഇതിനകം തസ്തികനിർണയ ഉത്തരവുകൾ ബന്ധപ്പെട്ടവർക്കെല്ലാം നൽകിക്കഴിഞ്ഞതായി അറിയുന്നതിൽ സന്തോഷമുണ്ട്. തസ്തികനിർണയ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ വിശ്രമമില്ലാതെ പ്രവർത്തിക്കുന്ന എല്ലാ ജീവനക്കാരെയും അഭിനന്ദനങ്ങൾ അറിയിക്കുന്നു.

ഉപജില്ലാ, റവന്യൂ ജില്ലാ കലോത്സവങ്ങൾ, ചുഴലിക്കാറ്റും പേമാരിയും മൂലം ഉണ്ടായ വൈദ്യുതി തടസ്സം എന്നിവയാൽ തസ്തികനിർണയം ഉൾപ്പെടെയുള്ള ഓഫീസ് പ്രവർത്തനങ്ങൾക്ക് ഏതാനും ദിവസങ്ങളിൽ തടസ്സം നേരിട്ടതായും ആയതിനാൽ തസ്തിക നിർണയ ഉത്തരവ് പ്രസിദ്ധീകരിക്കേണ്ട തീയതി അല്പം കൂടി ദീർഘിപ്പിച്ചു നൽകണമെന്നും നിരവധി ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ നിന്ന് ആവശ്യപ്പെടുന്നുണ്ട്. തസ്തികനിർണയം എത്രയും വേഗം പൂർത്തിയാക്കി ബഹു.ഹൈക്കോടതിയിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതുമുണ്ട്. എന്നിരുന്നാലും തസ്തികനിർണയം പൂർത്തിയാക്കാനുള്ള എല്ലാവരുടെയും ആത്മാർത്ഥമായ സമീപനത്തിന് വിലകല്പിച്ചുകൊണ്ട്, സൂചനയിലെ പരിപത്രത്തിൽ നിർദേശിച്ച സമയക്രമത്തിന് താഴെപ്പറയും പ്രകാരം മാറ്റം വരുത്തിയതായി അറിയിക്കുന്നു.

| | |
|---|---|
| ഡിസംബർ 23<br>(എ.ഇ.ഒ/ഡി.ഇ.ഒ തലം) | 2016-17 ലെ തസ്തികനിർണയ ഉത്തരവും 2017-18 ലെ തസ്തികനിർണയ ഉത്തരവ് പരിഷ്കരിച്ചതും എല്ലാ മാനേജർമാർക്കും പ്രഥമാധ്യാപകർക്കും നൽകുന്നു. |
| ഡിസംബർ 23-ജനുവരി 22<br>(ഡി.ഡി.ഇ/ഡി.ഇ.ഒ തലം) | തസ്തിക നിർണയ ഫയലുകളുടെ പരിശോധന |
| ഡിസംബർ 26-ഡിസംബർ 30<br>(എ.ഇ.ഒ/ഡി.ഇ.ഒ/ഡി.ഡി.ഇ തലം) | 2016-17 ലെ തസ്തികനിർണയത്തിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള അധ്യാപക ബാങ്ക് നവീകരിക്കുന്നു. അധ്യാപക ബാങ്കിലെ നിലവിലുള്ള രേഖപ്പെടുത്തലുകളിൽ എഡിറ്റിംഗ് നടത്തുന്നതിനും പുതിയ വിവരങ്ങൾ കൂട്ടിച്ചേർക്കുന്നതിനുമായി ഈ തീയതികളിൽ KITE- ന്റെ വെബ്സൈറ്റിൽ അധ്യാപക ബാങ്ക് ലഭ്യമാക്കുന്നതാണ്. (വിശദാംശങ്ങൾ പ്രത്യേകം നൽകുന്നതാണ്) |
| ജനുവരി 5 | നവീകരിച്ച അധ്യാപക ബാങ്ക് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു. |
| ഡിസംബർ 23-ജനുവരി 5 | 2016-17, 2017-18 വർഷങ്ങളിലെ അവശേഷിക്കുന്ന നിയമനാംഗീകാര ഫയലുകളിൽ തീർപ്പ് കല്പിക്കുന്നു. (വിശദമായ അറിയിപ്പ് പിന്നാലെ നൽകുന്നതാണ്) |

മേൽപറഞ്ഞ സമയക്രമത്തിൽ ഇനി യാതൊരു മാറ്റവും വരുത്താതെ വേണം പ്രവർത്തനങ്ങൾ അവസാനിപ്പിക്കേണ്ടത്. തസ്തികനിർണയ ഉത്തരവുകൾ വിതരണം ചെയ്യാൻ എല്ലാ ജില്ലകളിലും ഉപജില്ലകളിലും ഡിസംബർ 23 ഉച്ചയ്ക്കുശേഷം 3 മണിക്ക് പ്രഥമാധ്യാപകരുടെ യോഗം വിളിക്കണം. (ഡിസംബർ 23 ന് മുമ്പ് ഉത്തരവുകൾ വിതരണം ചെയ്യുന്നതിന് യാതൊരു തടസ്സവുമില്ല എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുക. അത് വിതരണം ചെയ്യാനുള്ള അവസാന തീയതിയാണ് ഡിസംബർ 23). തസ്തികനിർണയ പ്രവർത്തനങ്ങൾ അവസാനിപ്പിച്ച് ഉത്തരവുകൾ നൽകുന്നതിന് ഡിസംബർ 15 ന് പ്രഥമാധ്യാപക യോഗം വിളിച്ചിട്ടുണ്ടെങ്കിൽ അത് മാറ്റേണ്ടതില്ല. 15 ന് ഉത്തരവുകൾ വിതരണം ചെയ്യുന്ന എ.ഇ.ഒ/ഡി.ഇ.ഒ ഓഫീസുകൾ വിവരം ഇ-മെയിൽ വഴി ഡയറക്ടറേറ്റിൽ അറിയിക്കേണ്ടതാണ്. (hsectiondpi@gmail.com)

2016-17 ലെ നിയമനങ്ങൾക്ക് ഇതിനകം അംഗീകാരം നിരസിച്ചിട്ടുണ്ടെങ്കിൽ ഇപ്പോൾ നടത്തുന്ന തസ്തികനിർണയത്തിന്റെ അടിസ്ഥാനത്തിൽ അവ അപ്പലേറ്റ് ഉത്തരവ് കൂടാതെ പുനഃപരിശോധിച്ച് ചട്ടപ്രകാരം തീർപ്പ് കല്പിക്കേണ്ടതാണ്. അപ്പീൽ അധികാരികളുടെ (ജില്ലാ

വിദ്യാഭ്യാസ ഓഫീസർ, വിദ്യാഭ്യാസ ഉപഡയറക്ടർ, ഡയറക്ടറേറ്റ്) പക്കൽ ഇപ്പോൾ നിലവിലുള്ള അപ്പീലുകൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർക്ക് അയച്ചുകൊടുക്കേണ്ടതും വിവരം മാനേജർമാരെ അറിയിക്കേണ്ടതുമാണ്. 2016-17 ലെ തസ്തികനിർണയം നടന്നിട്ടില്ല എന്ന കാരണത്താൽ 2017-18 ലെ നിയമനാംഗീകാരം നിരസിച്ചിട്ടുണ്ടെങ്കിൽ അതിൻമേലുള്ള അപ്പീലുകളും (2017-18) ഇപ്രകാരം തിരിച്ചയക്കാവുന്നതാണ്. ഇതും വിദ്യാഭ്യാസ ഓഫീസർമാർ പുന:പരിഗണിക്കേണ്ടതുണ്ട്.

വിശ്വസ്തതയോടെ,

**ജെസ്സി ജോസഫ്**
**പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)**
**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

പകർപ്പ്:

1. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പെഴ്സണൽ അസിസ്റ്റന്റ്
2. പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടറുടെ സി.എ മാർക്ക്
3. വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, KITE പൂജപ്പുര, തിരുവനന്തപുരം
4. പൊതുവിദ്യാഭ്യാസ ജോയിന്റ് ഡയറക്ടറുടെ സി.എ
5. ഡയറക്ടറേറ്റിലെ ഇ.റ്റി, ഇ.എം, ഇ.സി, എഫ്, ജി, ആർ.എ, എസ്.സി, സെക്ഷൻ സൂപ്രണ്ടുമാർക്കും യൂണിറ്റ് ഓഫീസർമാർക്കും
6. സൂപ്പർചെക്ക് സെൽ ഓഫീസർ, തിരുവനന്തപുരം/കോഴിക്കോട്
7. കരുതൽ ഫയൽ